1

എന്റെ പ്രാണ സഖി യേശുവേ!
എന്റെ ഉള്ളത്തിൻ ആനന്ദമേ!
എന്നെ നിൻ മാർവിങ്കൽ ചേർപ്പാനായ്
വന്നിതാ ഇപ്പോൾ നിൻ പാദത്തിൽ

പറക - പറക - ഞാൻ
പ്രാർത്ഥിക്കുമ്പോൾ
കർത്താവേ! ഈ നീച പാപിക്കു
പ്രേമഹിതത്തെ നീ കാട്ടുക!

2

നിന്നെ സ്നേഹിക്കുന്ന മക്കൾക്കു
ഉള്ളതാം എല്ലാ പദവികളും
അടിയാനും തിരിച്ചറിവാൻ
അപ്പനേ! ബുദ്ധിയെ തെളിക്ക! പറ..

3

ഏലിയാ - ഏലീശാ പ്രവരർ
ബലമായ് ചെയ്ത ക്രിയകൾ കാണ്മാൻ
ഏലോഹീം! എന്നെയും ഓർക്കുക
വേല നിന്നുടെ ഞാൻ ചെയ്യുവാൻ-പറ..

4

പാപികൾക്കു നിന്റെ സ്നേഹത്തെ
എന്റെ ശീലത്താൽ ഞാൻ കാട്ടുവാൻ
കാൽവറി മലമേൽ കാണിച്ച
നിന്റെ അൻപിൻ ശീലം പകർക്ക-പറ..

5

എന്റെ ആയുസിന്റെ നാളെല്ലാം
നീ പോയ വഴിയേ പോകുവാൻ
ആശയോടേശുവേ! എന്നെ ഞാൻ
ജീവ ബലിയായി നൽകുന്നേ-പറ..

(ജോൺ ഈശോ, മലബാർ)